


# കൊമ്പൻ വീണേ...

പൂക്കൾ സന്തോഷത്തോടെ ചിരിച്ച് തലയാട്ടി നിന്നു.
അപ്പോഴാണ് അവർ ഒരു മൂളൽ കേട്ടത്.
അവർ പേടിയോടെ നിലവിളിച്ചു....
"എനിക്ക് പേടിയാ....."
"എനിക്കും ...."
"എനിക്കുമതേ..."
പൂക്കളുടെ നിലവിളികേട്ട തേന്മാവ് ചോദിച്ചു.
" എന്താ എന്റെ കുഞ്ഞുമക്കളേ നിങ്ങൾ കരയുന്നത് ...?"
അത്....... അത്........
എന്താണ് കാര്യമെന്ന് പറയാൻ പൂക്കൾ മടിച്ചു.
" നിങ്ങൾ പറയൂ മക്കളേ...."



അവർ പറഞ്ഞു. "അത് ..... ദേ നോക്കിയേ ഞങ്ങളുടെ ഇതളുകൾ കീറിമുറിഞ്ഞത് കണ്ടോ? ചിറകുകൊണ്ടടിച്ച് വേദനിപ്പിക്കുന്ന ഒരുത്തൻ വരും. വലിയ കൊമ്പുണ്ട്. അവനെ ഞങ്ങൾക്ക് പേടിയാ....

"ആരാണവൻ" തേന്മാവ് കോപത്തോടെ ചോദിച്ചു.

"അത്.. കൊമ്പൻ ചെല്ലി...." പൂക്കൾ വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു. "അയ്യോ! അതാ കൊമ്പൻ ചെല്ലി വരുന്നു".




ഉം... മ്....ഉം... ഉം... ഉം.... മ്.. മ് ..ഭ്രം.... ഭ്രം...

ഭ്രം... ഉം... ഉം... ഉം.... ഉം...മ്...മ് മ്.. ഭ്രം..

പൂക്കൾ ഒന്നിച്ചു അലറിക്കരഞ്ഞു.

“നിങ്ങൾ പേടിക്കേണ്ട. നിങ്ങളെല്ലാവരും എന്നോട് ചേർന്നു നിന്നോളൂ... ഇന്ന് അവന്റെ പണി ഞാൻ അവസാനിപ്പിച്ചോളാം”.
പൂക്കൾ തേന്മാവിനോട് ചേർന്നു നിന്നു.

വട്ടത്തിൽക്കറങ്ങി കൊമ്പുനീട്ടി,
കരിഞ്ചിറകു വീശി,
അട്ടഹസിച്ച് അതാ അവൻ വരുന്നു.

ഉം... മ്ഉം... ഉം... ഉം.... മ്.. മ് ... മ്...ഭ്രം.... ഭ്രം...ഭ്രം... ഭ്രം...

ഭ്രം... ഉം... ഉം... ഉം.... ഉം...മ്...മ് മ്.. ഭ്രം.. ഭ്രം.... ഭ്രം...

തേന്മാവ് പറഞ്ഞു. “പൂക്കളെ ഉപദ്രവിക്കാതെ പോ”!

കൊമ്പൻ കേട്ടഭാവം നടിച്ചില്ല. തേന്മാവ് കണ്ണുരുട്ടി.

കൊമ്പൻചെല്ലിക്ക് ഒരു കൂസലുമില്ല.

തേന്മാവ് ശിഖരങ്ങൾ ഇളക്കിയാട്ടി.

പൂക്കൾ തേന്മാവിനെ കെട്ടിപ്പിടിച്ചു നിന്നു.

പെട്ടെന്ന് കാറ്റ് വീശിയടിച്ചു. കാറ്റിന് ശക്തി കൂടിക്കൂടി വന്നു.

കൊമ്പൻചെല്ലി നിലതെറ്റി, വട്ടം കറങ്ങി, ശ്വാസം മുട്ടി താഴേക്ക്.

കാറ്റ് ചെല്ലിയെ അമ്മാനമാടി.

അവൻ മാവിൽ ചെന്നിടിച്ചു മലർന്നു വീണു.

കാറ്റടങ്ങി.....

ഹാവൂ, പൂക്കൾക്ക് ആശ്വാസമായി.

തേന്മാവിനെയും പൂക്കളെയും തഴുകി ഇളംകാറ്റ് കടന്നുപോയി.




# രാത്രിയുടെ ഭംഗി



നിലാവിൽ കുളിച്ചു നിൽക്കുന്ന രാത്രി ...... !!!
അങ്ങ് ദൂരെയുള്ള മാമരങ്ങൾ വളരെ
വ്യക്തമായി കാണാം.
തെളിഞ്ഞ രാത്രി .... !!!
ചന്ദ്രൻ ആകാശത്ത് വെള്ളിത്തളിക പോലെ
തിളങ്ങുന്നു.
കണ്ണു മിഴിച്ചു നോക്കുന്ന വെള്ളപ്പൂക്കളുടെ
ഭംഗിയും മണവും ഒന്നു വേറെ തന്നെ....
അങ്ങ് ദൂരെ ഉയർന്നു നിൽക്കുന്ന
മലമടക്കുകളുടെ ഭംഗി നിലാവെളിച്ചത്തിൽ
കാണേണ്ടതു തന്നെ.
നിലാവിൽ ഒരു വെള്ളിയരഞ്ഞാണം പോലെ പുഴ.
നക്ഷത്രങ്ങൾ മുല്ലപ്പൂവാരിയെറിഞ്ഞിട്ടെന്നപോലെ.
കണ്ണെടുക്കാതെ നോക്കി നിന്നപ്പോൾ
മിന്നുന്ന ആ നക്ഷത്രങ്ങൾ
എന്തോ പറയുന്ന പോലെ ....
ചെറുകാറ്റിൽ ആലോലമാടുന്ന ഇലകൾ
രാത്രിയുടെ ഭംഗി കൂട്ടുന്നു.
സന്ധ്യ ആയാൽ എനിക്ക് പുറത്തിറങ്ങാൻ പേടിയായിരുന്നു.
ഇന്ന് രാത്രി അച്ഛന്റെ കൂടെ ഞാൻ പുറത്തിറങ്ങി.
രാത്രിയുടെ ഭംഗി പറഞ്ഞാലും പറഞ്ഞാലും തീരില്ല.....!!!
നിങ്ങൾക്ക് രാത്രിയെ പേടിയുണ്ടോ?
നിങ്ങളുടെ പേടിക്കുള്ള കാരണമെന്ത്?




# ഒരു മഴക്കാലത്ത്



ഏതോ കലപില ശബ്ദം കേട്ടാണ് അവൾ ഉണർന്നത്.
ആ കാഴ്ചകണ്ട് അവൾ അതിശയിച്ചു പോയി.
തുറന്നിട്ട ജനാലയുടെ കമ്പിയിൽ അതാ മഞ്ഞ നിറമുള്ള ഒരു കുഞ്ഞിക്കിളി.....!!!

മഴ നനഞ്ഞ് തണുത്തു വിറയ്ക്കുന്നു....
കൂനിപ്പിടിച്ച് അനങ്ങാതിരിക്കുകയാണ് ആ മഞ്ഞക്കിളി.
വീണ്ടും വീണ്ടും അവൾ ആ കുഞ്ഞിക്കിളിയെ നോക്കി.
"പാവം മഞ്ഞക്കിളി...."
അവൾ അടുത്തേക്കു നീങ്ങി.

കുഞ്ഞിക്കൈ നീട്ടി. മഞ്ഞക്കിളി കൈയിലേക്ക് പതിയെ കയറി ഒതുങ്ങിയിരുന്നു.
മഞ്ഞക്കിളിയുടെ നനവ് അവളുടെ ദേഹം മുഴുവൻ കുളിര് നിറച്ചു.
അവൾ അതിനെ നെഞ്ചോടു ചേർത്തു.
പുറത്ത് ഒരു കിളി വല്ലാതെ ബഹളം വയ്ക്കുന്നുണ്ട്.
അത് അമ്മക്കിളിയായിരിക്കും.
മനസ്സില്ലാമനസ്സോടെ അവൾ ആ മഞ്ഞക്കിളിയെ ജനാലയുടെ പുറത്തേക്ക് നീട്ടി.
കുഞ്ഞിച്ചിറകടിച്ച് കുഞ്ഞിക്കിളി അമ്മയുടെ അടുത്തേക്ക്...
അമ്മക്കിളി കുഞ്ഞിക്കിളിയെ സന്തോഷത്തോടെയും വാത്സല്യത്തോടെയും സ്വീകരിച്ചു.
അവർ ഒന്നിച്ചു പറന്നു.
കുഞ്ഞിക്കിളി അവളെ സ്നേഹത്തോടെ തിരിഞ്ഞു നോക്കി.




# ഒരു അപൂർവ സെൽഫി

**ഉ**ച്ചഭക്ഷണം കഴിഞ്ഞു. എല്ലാവരും കളിക്കാൻ ഒരുങ്ങി. അപ്പോഴാണ് അതു കണ്ടത്.

കുട്ടികൾ ആർത്തു വിളിച്ചു. "നോക്കൂ..."

എല്ലാവരുടെയും നോട്ടം ചുമരിനു മുകളിലേക്കായി.

എന്തോ അനങ്ങുന്നു. ഏതോ ജീവിയാണ്. കുട്ടികൾ തറപ്പിച്ചു പറഞ്ഞു.

"ഡാ വലിയ വട്ടക്കണ്ണാ." സുഭാഷ് കണ്ടു പിടിച്ചു.

"ദേ, ഇങ്ങോട്ടു നോക്കുന്നു.... മുഖത്തിന് നല്ല വെളുപ്പ്".

അനീഷിന്റെ കണ്ടെത്തൽ ശരിയായിരുന്നു.

"ചിറകുണ്ട്, അതൊരു പക്ഷിയാണ്." ലൗലി തീർപ്പാക്കി.

ഓരോരുത്തരും ഓരോന്നു പറഞ്ഞു. കുട്ടികളുടെ ബഹളം കൂടി.

ചിറകനക്കി കുനിഞ്ഞ് മുന്നോട്ടാഞ്ഞ് അത് കുട്ടികളെ നോക്കി മൂളി.

എല്ലാവരും നിശ്ശബ്ദരായി. അത് പതിയെ പറന്നിറങ്ങി മേശമേലിരുന്നു.

ധൈര്യശാലിയായ ആതിര പോലും ബഞ്ചിന്റെ പിറകിലൊളിച്ചു.

വീണ്ടും നിശ്ശബ്ദത. അവർ സൂക്ഷിച്ചു നോക്കി.

മുഖം ഹൃദയാകൃതി. മുഖവും ശരീരത്തിന്റെ അടിഭാഗവും വെള്ളനിറം. ചാരനിറത്തിലുള്ള പുള്ളികൾ. തലയുടെ പിൻ ഭാഗവും ചിറകുകളും ഇളം തവിട്ടു നിറം.

"ശ്ശ് ...ശ്ശ്.. ഇത് മൂങ്ങയാ..." ആരതി അടക്കം പറഞ്ഞു.

"അതേ ഞാൻ മൂങ്ങയാണ്. വെള്ളിമൂങ്ങ." ചിറക് വിടർത്തി ഒന്നനങ്ങിയിരുന്ന് അത് പറഞ്ഞു. എല്ലാവരും അത്ഭുതത്തോടെ കണ്ണു മിഴിച്ചു.

"എന്റെ സ്ഥിരവാസം ഈ ചുമരിന് മുകളിൽത്തന്നെയാ...






"ഞങ്ങളെ കാണാമോ?" എപ്പോഴും സംശയം ചോദിക്കുന്ന തൗഫീക്ക് ചോദിച്ചു.

"ചെറുതായി കാണാം. ചെറിയ ശബ്ദം പോലും നന്നായി കേൾക്കാം, അതുകൊണ്ടാ ആ കൂട്ടുകാരൻ രഹസ്യം പറഞ്ഞത് ഞാൻ കേട്ടത്. ശബ്ദത്തിന്റെ ദിശ മനസ്സിലാക്കിയാണ് ഞാൻ ഇരപിടിക്കുന്നത്".

"നമുക്കതിനെ പിടിക്കാം." നോബിൾ പതിയെ പറഞ്ഞു.

"നിങ്ങൾക്ക് ഞാൻ ഒരുപാട് ഉപകാരം ചെയ്യുന്നുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ എലികളെ പിടിക്കുന്നത് ഞങ്ങൾ തന്നെ."

"എലിയെ എങ്ങനെയാ തിന്നുന്നത്?" പതിയെ അടുത്തെത്തി സുമേഷ് ആകാംക്ഷയോടെ ചോദിച്ചു. മൂങ്ങ നീട്ടി മൂളി.

"വിഴുങ്ങും. ദഹിക്കാത്ത രോമങ്ങൾ, നഖങ്ങൾ ഇവ ഛർദിച്ച് കളയും."

കുട്ടികൾക്ക് കൗതുകമായി.

എറിയാനെടുത്ത കല്ലുകൾ ബിനുവിന്റെ കൈയിൽ നിന്ന് ഊർന്നു വീണു.

"എവിടെയാ താമസിക്കുന്നേ?

കുഞ്ഞുമൂങ്ങയുണ്ടോ കൂട്ടിൽ?" ഇഷ്ടം കൂടി രാജു ചോദിച്ചു.

"തൂവലുകളും ചവറുകളും നിരത്തി മരപ്പൊത്തുകളിലോ ഇരുളടഞ്ഞ മാളങ്ങളിലോ കൂടു കൂട്ടും. എന്റെ മുട്ടകൾ മുപ്പത്തിനാല് ദിവസത്തിനകം വിരിയും. അറുപത്തിയഞ്ച് ദിവസത്തിനകം എന്റെ കുഞ്ഞുങ്ങൾക്ക് പറക്കാനാവും."

കുട്ടികളുടെ പേടി മാറി.

സുനിൽ അടുത്തേക്കു വന്ന് മെല്ലെ ഒന്നു തൊട്ടു. പഞ്ഞിയിൽ തൊടുന്നതു പോലെ.

"ആളുകൾ എന്നെ കണ്ടാൽ വെറുതെ വിടില്ല. അന്ധവിശ്വാസത്തിന്റെ പേരിൽ. സത്യമല്ലാത്ത വിശ്വാസങ്ങളിൽ എന്നെപ്പോലുള്ളവർക്ക് ജീവിക്കാൻ വയ്യ. എന്റെ കുഞ്ഞുങ്ങൾ. പേടിയോടെയാ ഞാനെപ്പോഴും കഴിയുന്നെ."

"ഞങ്ങൾ ഒരു സെൽഫി എടുത്തോട്ടേ?" മൂങ്ങയുടെ സങ്കടം മാറ്റാനും കൂടി എബി ചോദിച്ചു.

ടീച്ചറെയും കൂട്ടി കുട്ടികൾ സെൽഫിയെടുത്തു. ചിറകു വിടർത്തിയും തല ഉയർത്തിയും വെള്ളിമൂങ്ങ കുട്ടികൾക്കായി പോസ് ചെയ്തു.

പുതിയ ചങ്ങാതിയെ കിട്ടിയ കുട്ടികൾക്ക് ഉത്സവമായി.

"പിന്നെ കാണാം." വെള്ളിമൂങ്ങ പറന്നകന്നു.

ക്ലാസ് വീണ്ടും നിശ്ശബ്ദമായി.




# ഉത്സവത്തിമിർപ്പിൽ



**ഡി**ല്ലണ്ടണ്ടം ഡില്ലടടണ്ടം
ഡില്ലണ്ടം ഡില്ലടണ്ടം ഡില്ലടണ്ടം
ഡില്ലടണ്ടം ഡില്ലടണ്ടം
ഡില്ലടണ്ടം ഡില്ലടണ്ടം...

ചെണ്ടമേളം മുറുകുകയാണ്. ഒപ്പം ആവേശവും മുറുകുന്നു.

കെട്ടിയൊരുക്കിയ കുതിരകൾക്ക് മുന്നിൽ എല്ലാം മറന്ന് ആളുകൾ നൃത്തം ചെയ്യുന്നു.

ചെണ്ടമേളക്കാരും നൃത്തച്ചുവടുകൾ വയ്ക്കുന്നുണ്ട്.

നെറ്റിപ്പട്ടം കെട്ടിയ കരിവീരന്മാർ താളത്തിൽ ചെവിയാട്ടി നിൽക്കുന്നു.

ചെണ്ടമേളം അന്തരീക്ഷത്തിൽ ഉയർന്നുപൊങ്ങി.

നിർത്താതെ മുഴങ്ങുന്ന പീപ്പിയുടെ ശബ്ദം.

അലങ്കാര ബലൂണുകളുടെ വിവിധ വർണങ്ങൾ.

കുട്ടികളിലും മുതിർന്നവരിലും ഉത്സവതാളം. സൂചി വീഴാനിടമില്ലാത്തത്ര ജനക്കൂട്ടം.

കുട്ടികളും മുതിർന്നവരും ഒരുപോലെ ആസ്വദിക്കുന്ന ഉത്സവമേളം.

സിനിമാപ്പാട്ടുകളുടെയും അനൗൺസ്മെന്റുകളുടെയും വെടിക്കെട്ടിന്റെയും ശബ്ദം ഉത്സവപ്പറമ്പിൽ ഉയർന്നുപൊങ്ങി.

ഉത്സവത്തിന്റെ ആഹ്ലാദമേളത്തിൽ ഞാനും അലിഞ്ഞു ചേർന്നു.




# എന്റെ ഓണം



പ്രിയ സുഹൃത്തേ,

എത്ര നാളായി നിന്നെ കണ്ടിട്ട് ?

എടാ.... ഞങ്ങളുടെ സ്കൂളിൽ ഇന്നായിരുന്നു ഓണാഘോഷം.

ഗംഭീര പരിപാടികളായിരുന്നു.

നീ എന്നെ മാവേലി എന്ന ഇരട്ടപ്പേര് വിളിച്ചത് ഓർമയുണ്ടോ?

അന്നെനിക്ക് എന്തുമാത്രം വിഷമമായിരുന്നെന്നോ.

ഈ വർഷവും ഞാൻ തന്നെയായിരുന്നു സ്കൂളിലെ മാവേലി. എല്ലാവരെയും അനുഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്തു.

ഹെഡ്മാസ്റ്റർക്കൊപ്പമാണ് സദ്യകഴിച്ചത്. പൂക്കളങ്ങളൊക്കെ നല്ല ഭംഗിയായിരുന്നു.

വടംവലി മത്സരം ഞങ്ങളെയൊക്കെ ഒരു പാട് ചിരിപ്പിച്ചു. പുലികളിയും ചെണ്ടമേളവും തകർപ്പനായിരുന്നു. ഈ വർഷം കുടമടിയും കുമ്മാട്ടിക്കളിയുമൊക്കെ ഉണ്ടായിരുന്നു. സാംസ്കാരിക സമിതിക്കാരാണ് ഇത് നടത്തിയത്. ടീച്ചർമാരും അമ്മമാരും ഉണ്ടാക്കിയ പരിപ്പും പായസവും കറികളും ചേർന്ന സദ്യ ഗംഭീരമായിരുന്നു. കസേരകളിയും കണ്ണുകെട്ടിക്കളിയും കണ്ട് ചിരിച്ചു ചിരിച്ച് ശ്വാസം മുട്ടി.

ഓണാഘോഷത്തെക്കുറിച്ച് പറഞ്ഞാലും പറഞ്ഞാലും തീരില്ല. കൂട്ടത്തിൽ ചോദിക്കാൻ വിട്ടുപോയി. നിന്റെ സ്കൂളിലെ ഓണാഘോഷം എങ്ങനെയുണ്ടായിരുന്നു? ഗംഭീരമാക്കിക്കാണും. എന്നെ അറിയിക്കണേ?

എല്ലാ വിശേഷങ്ങളും ചേർത്ത് മറുപടി പ്രതീക്ഷിക്കുന്നു.

നിന്റെ സ്വന്തം

# ഏഴു നിറമുള്ള കടലാസ് പെൻസിൽ




**"നീ** വരയ്ക്കുന്നതിനെല്ലാം ഒറ്റ നിറമല്ലേ. കറുപ്പു നിറം മാത്രം." ചായപ്പെൻസിലിന്റെ പരിഹാസം കേട്ട് കടലാസ് പെൻസിലിന് സങ്കടം വന്നു. ഗൗരിമോളുടെ ബോക്സിലാണ് കടലാസ് പെൻസിലും ചായപ്പെൻസിലും താമസിക്കുന്നത്. പക്ഷേ, അവർ തമ്മിൽ അത്ര രസത്തിലല്ല.

ഒരു ദിവസം രാത്രി എല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ ചായപ്പെൻസിൽ തന്റെ ബോക്സ് വീടിന്റെ വാതിൽ തുറന്ന് പുറത്തേക്ക് നോക്കി. നിലാവ് മുറിക്കുള്ളിലും നിറഞ്ഞ് നിൽക്കുന്നു. പുറത്തേക്ക് ഇറങ്ങി. ഗൗരിമോളുടെ ബുക്കിൽ ഒരു മഴവില്ല് വരച്ചു.

വരച്ച് ക്ഷീണിച്ച ചായപ്പെൻസിൽ ബോക്സ് വീട്ടിലെത്തി ഉറങ്ങിപ്പോയി. കടലാസ് പെൻസിൽ ഇതൊക്കെ കാണുന്നുണ്ടായിരുന്നു. എന്താ ഗൗരിമോളുടെ ബുക്കിൽ ചെയ്തതെന്നറിയാൻ കടലാസ് പെൻസിലിന് കൗതുകമായി. പതിയെ പുറത്തിറങ്ങി.

ഗൗരി മോളുടെ ബുക്കിൽ ചായപ്പെൻസിൽ വരച്ച മഴവില്ല് കണ്ട് കടലാസ് പെൻസിൽ അത്ഭുതപ്പെട്ടു. കടലാസുപെൻസിലിന് ഉള്ളിൽ ഒരു കവിത വന്നു. എഴുതാതെ പറ്റില്ല എന്നായി. കടലാസ് പെൻസിൽ ഗൗരി മോളുടെ ബുക്കിൽ എഴുതി.

"മഴവില്ലേ... മഴവില്ലേ...
നിന്നെക്കാണാനെന്തു രസം
ആരാരു തന്നു നിനക്കീ
ഏഴു നിറത്തിൽ പൂഞ്ചേല ?
കാർമേഘത്തിൻ ഓമനയല്ലേ....
ആകാശത്തിൻ അഴകല്ലേ...
വന്നിട്ടുടനേ തിരക്കു കൂട്ടി
ഓടിപ്പോകുവതെങ്ങോട്ടാ?
ഓടിപ്പോകുവതെങ്ങോട്ടാ?



നേരം പുലർന്നു. ഗൗരിമോൾ മഴവില്ലു കണ്ടു. കവിത വായിച്ചു. അവൾക്ക് വളരെ സന്തോഷമായി. അവൾ ചിത്രം എല്ലാവരെയും കാണിച്ചു. കവിത എല്ലാവരെയും പാടി കേൾപ്പിച്ചു. എല്ലാവരും ഗൗരിമോളെ അഭിനന്ദിച്ചു. "മഴവില്ലിന് ജീവൻ നൽകിയ കവിത". എല്ലാവരും പറഞ്ഞു.

അപ്പോൾ തുറന്നിട്ട ബോക്സ് വാതിലിലൂടെ ചായപ്പെൻസിൽ, കടലാസ് പെൻസിലിന്റെ തോളിൽ കൈയിട്ട് സന്തോഷം പങ്കിടുകയായിരുന്നു.

"നമ്മൾ ഒരുമിച്ചു നിന്നാൽ ഇനിയും ഇതുപോലെ എല്ലാവരെയും സന്തോഷിപ്പിക്കാൻ കഴിയും". കടലാസു പെൻസിൽ പറഞ്ഞു.




# കുഞ്ഞിമൈന

സൂര്യന്റെ മുഖം ചുവന്നു.

നേരം ഒരുപാടായി. അമ്മക്കിളികളെ കാണാതെ കുഞ്ഞിക്കിളികൾ ബഹളം കൂട്ടി.

'എന്താ അമ്മ വരാത്തത്? എന്താ അമ്മ വരാത്തത്? വിശന്നിട്ടുവയ്യ.' ഓരോ കിളിക്കുഞ്ഞും ഇതുതന്നെ പറഞ്ഞുകൊണ്ടിരുന്നു. ദൂരെ ആകാശത്ത് ഒരു കിളിക്കൂട്ടം നീങ്ങി നീങ്ങി വരുന്നത് കുഞ്ഞിക്കിളികൾ കണ്ടു.



"ഹായ് അമ്മ എത്തി. അമ്മ എത്തി" കിളിക്കുഞ്ഞുങ്ങൾ വീണ്ടും ബഹളം കൂട്ടി.

മൈനക്കുഞ്ഞ് കരഞ്ഞ് കരഞ്ഞ് തളരാറായിട്ടുണ്ട്. അവൾ അങ്ങനെയാണ് അമ്മക്കിളി വരാൻ വൈകിയാൽ ഉടനെ തുടങ്ങും കരയാൻ. പിന്നെ ആരു പറഞ്ഞാലും നിർത്തില്ല.



അമ്മക്കിളി വന്നപാടെ കുഞ്ഞു മൈനയെ ചിറകുകൊണ്ട് ചേർത്തു പിടിച്ചു.

അമ്മക്കിളിയുടെ കൊക്കിലെ പഴുത്തു തുടുത്ത അത്തിപ്പഴം കുഞ്ഞുമൈന കണ്ടു. അവൾ കൊക്കു പിളർത്തി.

അപ്പോഴാണ് മുകളിലത്തെ കൂട്ടിൽ നിന്ന് രണ്ടു കുഞ്ഞിക്കിളികളുടെ ഉറക്കെയുള്ള കരച്ചിൽ കേട്ടത്.

വിശന്നിട്ടാവും.

ആ കുഞ്ഞുങ്ങളുടെ അമ്മക്കിളി ഇനി വരില്ല. കാടൻ പൂച്ച അവളെ പിടിച്ചുതിന്നുന്നത് എല്ലാവരും കണ്ടല്ലോ. ഇതെല്ലാം കുഞ്ഞുമൈനയോട് അമ്മക്കിളി പറഞ്ഞു.

"അമ്മേ അമ്മേ. എന്റെ അത്തിപ്പഴം അവർക്കു കൊടുത്തേക്കൂ."

കുഞ്ഞി മൈനയുടെ പറച്ചിൽ കേട്ട് അമ്മക്കിളി അവളുടെ നെറുകയിൽ നിറയെ ഉമ്മവച്ചു.




# ഇത്തിരിപ്പൂവ്



**“മു**ത്തശ്ശീ എന്റെ കണ്ണ് വേദനിക്കുന്നു.” അനു മുത്തശ്ശിയുടെ അടുത്തെത്തി.

“എവിടെ? നന്നായി ചുവന്നിട്ടുണ്ടല്ലോ.. സാരല്ല്യ.. അല്പം തുമ്പനീരൊഴിക്കാം.”

“തുമ്പയോ ? അതെന്താ?

“അയ്യേ... നീ തുമ്പച്ചെടി കണ്ടിട്ടില്ലേ?” കുഞ്ഞേച്ചി കളിയാക്കി.

“നമ്മുടെ തൊടിയിലെത്രയുണ്ട്! മാവേലിക്ക് ഏറ്റവും ഇഷ്ടം തുമ്പപ്പൂവാണ്, അല്ലേ മുത്തശ്ശീ..?”

“പിന്നെയല്ലാതെ, തുമ്പപ്പൂവില്ലാത്ത പൂക്കളമുണ്ടോ? തുമ്പപ്പൂ കൊണ്ട് പൂവട ഉണ്ടാക്കി ഓണത്തപ്പന് നേദിക്കാറുണ്ട്. കർക്കിടകത്തിൽ നന്നായി വളരുന്ന തുമ്പ ഓണത്തിന് പൂവിടും.

ഈ കുഞ്ഞുപൂവാണ് ഓണക്കാലത്തെ രാജാവ്.” മുത്തശ്ശി പറഞ്ഞു നിർത്തി.

തുമ്പ കണ്ണുരോഗത്തിനു മാത്രമല്ല തേനീച്ച കുത്തിയാലും വിരയ്ക്കും ഒക്കെ പറ്റിയ മരുന്നാണ്. ഇലയും തണ്ടും പൂവും എല്ലാം മരുന്നു തന്നെ.

കേട്ടു നിന്ന അച്ഛനും കൂടി. ‘അതു മാത്രമോ? എന്തെല്ലാം ചടങ്ങുകൾക്ക് തുമ്പ വേണം. തുമ്പ വിശേഷങ്ങൾ പറഞ്ഞാൽ തീരില്ല. തുമ്പപ്പൂവ് മലയാളികൾക്ക് അത്രയേറെ ഇഷ്ടമാണ്. അതല്ലേ കവി വൈലോപ്പിള്ളി എഴുതിയത്.

‘പാവം തുമ്പയെ വാരിയെടുത്തു
ദേവൻ വെച്ചൂ മൂർധാവിൽ
പുളകം കൊള്ളുക തുമ്പപ്പൂവേ
പൂക്കളിൽ നീയേ ഭാഗ്യവതി.’

അനുവിന് തുമ്പപ്പൂ കാണാൻ ധൃതിയായി. അവൻ മുത്തശ്ശിയുടെ കൈ പിടിച്ച് തൊടിയിലേക്ക് നടന്നു.




# ഓണം

ഓണം വന്നേ ഓണം വന്നേ
ഓണക്കളികൾ കളിക്കേണം

ഓണം വന്നേ ഓണം വന്നേ
ഓണപ്പൂക്കൾ പറിക്കേണം

ഓണപ്പൂക്കൾ പറിച്ചാലോ
ഓണപ്പൂക്കളം തീർക്കാലോ

ഓണപ്പൂക്കളമിട്ടാലോ
ഓണത്തപ്പൻ വരുമല്ലോ

ഓണത്തപ്പൻ വന്നാലോ
ഓണസ്സദ്യ ഉണ്ണാലോ

ഓണസ്സദ്യ ഉണ്ടാലോ
ഓണപ്പാട്ടുകൾ പാടാലോ






# പുതിയ ആകാശം പുതിയ ഭൂമി

**കു**ഞ്ഞിത്തത്ത ആദ്യമായി ചിറകടിച്ച് പുറത്തേക്ക് പറന്നു. ഹായ് ! തണുത്ത ഇളം കാറ്റേറ്റ് പറക്കാൻ എന്തു രസം ! അവൾക്ക് സന്തോഷമായി. മാനത്ത് അവൾ വട്ടമിട്ടു പറന്നു. എന്തെല്ലാം കാഴ്ചകൾ! റോഡിലൂടെ നിരനിരയായി വാഹനങ്ങൾ പോകുന്നത് കാണാൻ എന്തു ഭംഗി ! അവൾ പിന്നെയും ചിറകടിച്ച് ആവേശത്തോടെ പറന്നു.



പുഴയ്ക്ക് മുകളിലൂടെ...
മലകൾക്ക് മുകളിലൂടെ...

കൂട്ടിനുള്ളിൽ നിന്ന് കണ്ട ലോകമല്ല ഇപ്പോൾ കാണുന്നത്. എല്ലാം ഏറെ പുതുമയുള്ള കാഴ്ചകൾ. പരുന്തച്ചന്റെ ചിറക് വിടർത്തി ചരിഞ്ഞുള്ള പറക്കൽ അവൾക്ക് ഏറെ ഇഷ്ടമായി. അവളും ചരിഞ്ഞും മറിഞ്ഞുമൊക്കെ പാറി..പാറി നടന്നു. സന്ധ്യയാകാറായി. അവൾ കൂടിനെ ലക്ഷ്യമാക്കി വേഗത്തിൽ പറന്നു.

അപ്പോൾ കുഞ്ഞിത്തത്ത മനസ്സിൽ പറയുന്നുണ്ടായിരുന്നു.
ഈ ലോകം സുന്ദരം തന്നെ.

എൽ.പി.
12



# പൂക്കളെവിടെ?

**സു**ന്ദരിപ്പൂമ്പാറ്റ പൂന്തേൻ തേടിയിറങ്ങി. ചെടിയായ ചെടിയിലെല്ലാം പാറി നടന്നു. എങ്ങും ഒരു പൂവും കാണാനില്ല.

ഈ പൂക്കളെല്ലാം എവിടെപ്പോയി? ആരെങ്കിലും പിച്ചിയെടുത്തതാണോ?

പറന്നു പറന്ന് ചിറകുകൾ കുഴഞ്ഞു. ഇനി പറക്കാൻ വയ്യ. ഇത്തിരി നേരം വിശ്രമിക്കാം. പുൽക്കൊടിത്തുമ്പിൽ സുന്ദരി പറന്നിരുന്നു.

ചിപ്..ചിപ്..ചിപ്. കുരുവിപ്പെണ്ണ് ആടിപ്പാടി വരുന്നു. അവളോടു ചോദിക്കാം അവൾക്ക് അറിയാതിരിക്കില്ല. കുരുവിപ്പെണ്ണ് അരളിച്ചെടിയുടെ കൊമ്പിലിരുന്നു.



*സുന്ദരി : കുരുവിപ്പെണ്ണേ നീ എവിടെ പോയതാ?*

*കുരുവിപ്പെണ്ണ് : തേൻ തേടിയിറങ്ങിയതാ. പൂക്കൾ തേടിയതു മിച്ചം. വിശന്നിട്ടു വയ്യ.*

*സുന്ദരി : പൂക്കളില്ലാത്ത ചെടികൾ കാണുമ്പോ എനിക്ക് വിഷമം വരുന്നു. ഞാൻ അത്രമാത്രം പൂക്കളെ ഇഷ്ടപ്പെടുന്നു.*

*കുരുവിപ്പെണ്ണ് : ഈ പൂക്കളെല്ലാം എവിടെപ്പോയി! ആരോടാ ഒന്നു ചോദിക്കുന്നത്?*

*സുന്ദരി : നമ്മുടെ കുട്ടിക്കുരങ്ങനല്ലേ ആ വരുന്നത്. അവനോടു ചോദിക്കാം.*

വള്ളികളിൽ ഊഞ്ഞാലാടി ചില്ലകൾ തോറും ചാടി മറിഞ്ഞ് കുട്ടിക്കുരങ്ങൻ അരളിച്ചെടിയുടെ അടുത്തെത്തി.

*കുട്ടിക്കുരങ്ങൻ: കൂട്ടുകാരേ, എന്താ വിഷമിച്ചിരിക്കുന്നത്?*

*സുന്ദരി : എന്റെ സൗന്ദര്യമാണ് പൂക്കൾ. പൂക്കളെയൊന്നും കാണാനില്ലല്ലോ?*

*കുട്ടിക്കുരങ്ങൻ: എന്താ.. എന്താ സംഭവിച്ചത്?*

*കുരുവിപ്പെണ്ണ് : ചെടിയായ ചെടിയെല്ലാം കയറിയിറങ്ങി. പൂക്കളൊന്നും കാണാനില്ല.*

*സുന്ദരി : ഈ പൂക്കളെല്ലാം എവിടെ പോയതാ കുരങ്ങച്ചാ.. നിനക്ക് അറിയുമോ? (കരയുന്നു)*

*കുട്ടിക്കുരങ്ങൻ: നമുക്ക് അന്വേഷിക്കാം. പൂക്കൾക്ക് എന്തുപറ്റി എന്ന്.*

*കുരുവിപ്പെണ്ണ് : ശരിയാ എല്ലാവരും വരൂ.*




# ഹായ് ! എത്ര സുന്ദരം

**കു**ട്ടൻ വള്ളിപ്പടർപ്പുകൾക്കിടയിലൂടെ നടന്നു.
കുളക്കടവിലിരുന്നു....
തെളിഞ്ഞ വെള്ളം.
വെള്ളത്തിൽ ആമ്പൽ
വട്ടത്തിലുള്ള ഇലകൾ
വെള്ളാമ്പൽപ്പൂക്കൾ ചിരിച്ചു.



കുട്ടൻ എണ്ണി. ഒന്ന് ...രണ്ട്.. മൂന്ന്...
നാല്... നാലു പൂക്കൾ.
ഇലയിൽ കുഞ്ഞുതവള.
നീന്തിക്കളിക്കുന്ന മീനുകൾ.
കരയിൽ പാത്തിരിക്കുന്ന
ഒരു മീൻകൊത്തി (പൊന്മാൻ).
കുഞ്ഞിക്കാറ്റിൽ തലയാട്ടുന്ന ചെടികൾ.
കുളത്തിലേക്ക് തെങ്ങുകൾ
തലനീട്ടി നോക്കുന്നു.
ആകാശമേഘങ്ങൾ വെള്ളത്തിൽ
തെളിഞ്ഞു കാണുന്നു.
സമയം പോയതറിഞ്ഞില്ല.
ഹായ് ! എന്തു സുന്ദരം..!
"കുട്ടാ..... കുട്ടോ",
അമ്മയുടെ ഒച്ച പൊങ്ങി.
കുട്ടൻ വീട്ടിലേക്കോടി.
എന്താ കുട്ടാ, അവിടെ ഇത്ര കാണാൻ ?
അമ്മൂമ്മ തിരക്കി.
കുട്ടൻ തന്റെ ചിത്രപുസ്തകം എടുത്തു.
കുളം വരച്ചു ..... നിറം കൊടുത്തു ...
"ഇതാ അമ്മൂമ്മേ...."
"ഹായ്, എന്തു ഭംഗി!" അമ്മൂമ്മ പറഞ്ഞു.




# പൂപ്പുഞ്ചിരി

ചേലേറും ചേമന്തിപ്പൂ
ചാലെ വിരിഞ്ഞൊരു തോട്ടത്തിൽ
ചേലേറുന്നൊരുടുപ്പിട്ട്
ചിത്രപതംഗം വന്നെത്തി

ഓരോ പൂവിനുമുമ്മകൊടുത്തു
അരുമയൊടവയെ കൊഞ്ചിച്ചു
പുള്ളിയുടുപ്പിൻ ചന്തത്തിൽ
നൃത്തം ചെയ്തു പൂമ്പാറ്റ

പാട്ടും നൃത്തവുമായിട്ടങ്ങനെ
ശലഭം തീർക്കും പൊടിപൂരം
എല്ലാം കണ്ടു ചാഞ്ചാടീടും
പൂവിൻ ചിരിയോ ബഹുകേമം






# പൂക്കാലം

**തെ**ച്ചിയും റോസയും തുമ്പയും പൂവിട്ടു
ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു.
പിച്ചിയും മുല്ലയും ചേമന്തിയും പൂത്തു
പൂമണം തൂകി കുണുങ്ങി നിന്നു.
ഞാനും വരട്ടെയെന്നോതി നിശാഗന്ധി
തൂവെള്ള ചാർത്തി വിടർന്നു നിന്നു.
മഞ്ഞയും നീലയും ചുറ്റിയ കോളാമ്പി
വേലിക്കരികിലായ് കാത്തു നിന്നു.
പൂന്തേൻ കുടിച്ചു മദിച്ചു പൂമ്പാറ്റകൾ
പൂക്കാലമായെന്നു വണ്ടുമൂളി






# വീണ്ടും അമ്മയുടെ മടിത്തട്ടിലേക്ക്

**പു**ഴയിൽ കുളിക്കാൻ പോയപ്പോഴാണ് കിച്ചുവിന് കുഞ്ഞു മീനിനെ കിട്ടിയത്. തോർത്തുമുണ്ടു കൊണ്ട് കോരിയെടുത്തതാണ്. കൂടെ ഉണ്ടായിരുന്ന മീനുകളെല്ലാം ഞൊടിയിടയിൽ തെന്നിമാറി. കുഞ്ഞുമീൻ മാത്രം തോർത്തിൽ കുടുങ്ങി.



കിച്ചു കുഞ്ഞു മീനിനെ ചില്ലു ഭരണിയിലെ വെള്ളത്തിലിട്ടു. തിളങ്ങുന്ന ചെതുമ്പലുകളുള്ള ചന്തമുള്ള മീൻ.

അരിമണി തിന്നാൻ കൊടുത്തു. കുഞ്ഞു മീൻ അത് കണ്ടതായിപ്പോലും ഭാവിച്ചില്ല. രണ്ടു ദിവസം കഴിഞ്ഞിട്ടും കുഞ്ഞുമീൻ ഒന്നും തിന്നില്ല. എപ്പോഴും ഒരേ നിൽപ്പ്. നീന്താറുമില്ല. മുങ്ങാംകുഴിയിടാറുമില്ല.

നിനക്ക് എന്തുപറ്റി. കിച്ചു ചോദിച്ചു.

അതിന് ഒരു മറു ചോദ്യമാണ് കുഞ്ഞു മീൻ ചോദിച്ചത്:

"നീ ഇന്ന് എന്തെല്ലാം കാഴ്ചകൾ കണ്ടു?"

കിച്ചു അവൻ കണ്ട കാര്യങ്ങൾ പറയാൻ തുടങ്ങി അങ്ങാടിയിൽ പോയതും വണ്ടികൾ കണ്ടതും, സ്കൂളിൽ കൂട്ടുകാരുമായി കളിച്ചതും. പുതിയ പുള്ളിക്കുടയുമായി വന്ന ബാലുവിനെപ്പറ്റിയും, മഴവെള്ളത്തിൽ കടലാസുതോണി ഇറക്കിയതും എല്ലാം അവൻ പറഞ്ഞു.

"എന്റെ കാര്യമോ? വല്ലതും കാണാൻ പറ്റുന്നുണ്ടോ? എന്റെ കൂട്ടുകാരെല്ലാം പുഴയിൽ എന്തെല്ലാം കാഴ്ചകൾ കാണുന്നുണ്ടാവും, അവർ എന്തെല്ലാം കളികൾ കളിക്കുന്നുണ്ടാവും" കുഞ്ഞുമീൻ സങ്കടപ്പെട്ടു.

കിച്ചുവിനും അതു കേട്ട് സങ്കടമായി.

അവൻ ചില്ലു ഭരണിയുമെടുത്ത് പുഴവക്കത്തേക്കു നടന്നു.




# പാഠം പഠിക്കാത്തവർ

**പാവനാടകം**

(ചന്തയുടെ പുറകുവശത്ത് ചവറു കൂമ്പാരത്തിന് നടുവിൽ ഉയർന്നു നിൽക്കുന്ന ഒരു കയറിന്റെ തുമ്പത്ത് കടിയൻ കൊതുക് ഇരിക്കുന്നു. ചവറുകൂമ്പാരത്തിന്റെ ഇടയിലും നിലത്തും എല്ലാമായി മറ്റ് കൊതുകുകളും നിരന്നിട്ടുണ്ട്.)

കൊമ്പൻ : എല്ലാവരും ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കണം.

ചിമ്പൻ കൊതുക് : പറയൂ പറയൂ കേൾക്കാൻ ഞങ്ങൾ റെഡി.

കൊമ്പൻ : ഇപ്പോൾ നമുക്കു പെറ്റു പെരുകാൻ പറ്റുന്ന കാലമാണ്. കെട്ടിക്കിടക്കുന്ന വെള്ളം, കൂമ്പാരമായിക്കിടക്കുന്ന ചപ്പ് ചവറ്.. ഹായ്.. ഹായ്..! ഇത് നമുക്ക് ശരിക്കും ഉപയോഗപ്പെടുത്തണം.



ചിക്കു കൊതുക് : വേണം, വേണം... മനുഷ്യർ ഭയങ്കര ക്രൂരന്മാരാണ്. നമ്മുടെ എത്ര ചങ്ങാതിമാരെയാണ് അവർ ദിവസേന കൊന്നൊടുക്കുന്നത്.

ചിമ്പൻ : ശരിയാണ്. ഇതിന് പ്രതികാരം ചെയ്യണം. എല്ലാ മനുഷ്യരെയും കടിക്കണം. രോഗങ്ങൾ പരത്തണം.

കൊമ്പൻ : എല്ലാം നല്ല ശ്രദ്ധയോടെ വേണം. ചെറിയൊരു കൈപ്പിഴ വന്നാൽ അവർ മനുഷ്യർ നമ്മെ കൊന്നൊടുക്കും. മിക്ക വീടുകളിലും നമ്മൾക്ക് വളരാൻ പറ്റുന്ന ഇടങ്ങളുണ്ട്. അവിടെ താമസിച്ച് രോഗങ്ങൾ പരത്താം. അങ്ങനെ നമ്മുടെ ശത്രുക്കളായ മനുഷ്യരെ ഇല്ലാതാക്കാം.

ചിക്കു : ഈ മനുഷ്യർക്ക് വിവരമുണ്ടെന്ന് പറയുന്നത് വെറുതെയാ. വെള്ളം കെട്ടിനിൽക്കുന്ന കാര്യവും മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്ന കാര്യവും പറയും. എല്ലാം പറച്ചിലിൽ ഒതുക്കും. ഹ..ഹ..!

കൊമ്പൻ : ഇപ്പോൾത്തന്നെ നമ്മുടെ ജോലി തുടങ്ങാം കൂട്ടരേ.

എല്ലാവരും പറന്നുയരുന്നു.




# മക്കൾക്കുവേണ്ടി

'ടപ്പ്'

ഒച്ച കേട്ട് ബാലു അച്ഛനെ വിളിച്ചു.

"അച്ഛാ, എലി കുടുങ്ങി എന്നാ തോന്നുന്നത്. പോയി നോക്കാം."

ബാലുവും അച്ഛനും വേഗം എലിക്കൂട് വച്ചിരിക്കുന്നിടത്തെത്തി.

ശരിയാണ്. മുട്ടനൊരു എലി കൂട്ടിൽ കുടുങ്ങിക്കിടക്കുന്നു.

"ഇവനാണ് എല്ലാം വെട്ടിനുറുക്കി നാശമാക്കുന്നവൻ. ശരിയാക്കിത്തരാം." അച്ഛൻ പറഞ്ഞു.



"നാളെ നേരം വെളുക്കട്ടെ"

അച്ഛൻ കിടക്കാൻ പോയി. ബാലു അകത്തേക്ക് നടക്കുമ്പോൾ പെട്ടെന്ന് ആരോ തന്നെ വിളിക്കുന്നതായി അവനു തോന്നി. അവൻ തിരിഞ്ഞു നോക്കി. കൂട്ടിലെ എലി വിളിക്കുന്നു! ബാലു വേഗം കൂട്ടിനടുത്തേക്ക് ഓടിച്ചെന്നു. "എന്നെ കൊല്ലരുത്. നാലു കുട്ടികളുടെ അമ്മയാണ് ഞാൻ. ഒറ്റക്കുഞ്ഞിന്റെയും കണ്ണു കീറിയിട്ടില്ല' എലി പറയുന്നത് ബാലു ശ്രദ്ധയോടെ കേട്ടു.

"ഞാൻ ചത്താൽ എന്റെ കുഞ്ഞുങ്ങൾ" എലി കണ്ണീരോടെ ബാലുവിനെ നോക്കി.

"നീ എന്തിനാ കണ്ണിൽ കണ്ടതെല്ലാം കരണ്ടു മുറിക്കുന്നത്. അതല്ലേ നിന്നോട് എല്ലാവർക്കും ദേഷ്യം?". ബാലു പറഞ്ഞു.

"ഇനി ഞാൻ അങ്ങനെ ചെയ്യില്ല. എന്തെങ്കിലും തിന്ന് പൊയ്ക്കോളാം. സത്യം".

ബാലുവിന് എലിയോട് സഹതാപം തോന്നി. അവൻ എലിക്കൂട് പതുക്കെ തുറന്നു. എലി ഒറ്റച്ചാട്ടത്തിന് പുറത്തെത്തി. ബാലുവിന്റെ മുന്നിൽ കൈകൂപ്പി നിന്നു. കണ്ണുനീർ ധാരധാരയായി ഒഴുകി. ഒന്നും മിണ്ടാതെ എലി ഇരുളിൽ മറഞ്ഞു. രാവിലെ എലിയെ കൂട്ടിൽ കാണാഞ്ഞപ്പോൾ അച്ഛൻ ബഹളം വച്ചു.

"വലിയ എലിയല്ലേ, നല്ല ശക്തിയുണ്ടാകും. കൂട് തുറന്ന് പോയതാവും." അമ്മ പറഞ്ഞു.

ബാലു ഉള്ളാലെ ചിരിച്ചു.




# ചക്കയിലെന്തുണ്ട്?

ചക്കക്കുള്ളിൽ എന്തുണ്ട്?
ചക്കരമധുരച്ചുളയുണ്ട്.
ചക്കച്ചുളയിൽ എന്തുണ്ട്?
ചക്കച്ചുളയിൽ കുരുവുണ്ട്.
ചക്കക്കുരുവിൽ എന്തുണ്ട്?
ചക്ക തരുന്നൊരു പ്ലാവുണ്ട്.






# അവിയൽ

**കേ**രളത്തിലെ ആളുകളുടെ ഇഷ്ടവിഭവമാണ് അവിയൽ. എല്ലാ പച്ചക്കറികളും ചേർന്ന സ്വാദിഷ്ഠവും പോഷകപ്രദവുമായ അവിയൽ ഉണ്ടായതിനെപ്പറ്റി ഒട്ടേറെ ഐതിഹ്യങ്ങളും കഥകളും പ്രചാരത്തിലുണ്ട്. അതിലെ ഒരു കഥ നോക്കൂ.

സ്വാതിതിരുനാൾ മഹാരാജാവിന്റെ കൊട്ടാരത്തിലെ കവിയായിരുന്നു ഇരയിമ്മൻ തമ്പി. ഒരിക്കൽ കൊട്ടാരത്തിൽ ഒരു സദ്യ നടന്നപ്പോൾ കറി തികയാതെ വന്നു. ഇരയിമ്മൻ തമ്പി പാചകശാലയിൽ ചെന്നു നോക്കി. അരിഞ്ഞു കൂട്ടി വച്ച പലതരം പച്ചക്കറികളുടെ കഷണങ്ങൾ കണ്ടു. അവയിലെ എടുത്തു കഴിക്കാൻ കൊള്ളാവുന്ന ഭാഗങ്ങൾ തരംതിരിച്ചു. വലിയ രണ്ടു വട്ടി നിറയെ കിട്ടി. അതെല്ലാം കൂടി വലിയ ചരുവത്തിൽ ഇട്ടു. വേവിച്ച് എരിശ്ശേരി ഉണ്ടാക്കാൻ നോക്കി. എന്നാൽ അത് വേറൊരു കറിയായി. ഊണിന് വിളമ്പി. നല്ല മണവും രുചിയുമുള്ള പുതിയ കറി എല്ലാവർക്കും ഇഷ്ടമായി. ആൾക്കാർ പുതിയ വിഭവത്തിന് പിടിവലിയായി. പിന്നീട് ഇരയിമ്മൻ തമ്പി കൂടുതൽ സ്വാദോടെ ഈ വിഭവം വീണ്ടും ഉണ്ടാക്കി. അവിയൽ എന്നു പേരിടുകയും ചെയ്തുവത്രേ!



ഇതു കൂടാതെയും നമ്മുടെ അവിയലിനെപ്പറ്റി കുറേ കഥകളുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ പാണ്ഡവൻമാരുടെ വനവാസക്കാലത്ത് അവിയൽ ഉണ്ടാക്കിയ കഥ പറയുന്നുണ്ട്.

ചേന, കായ, മുരിങ്ങക്ക, കാരറ്റ്, കുമ്പളങ്ങ, പടവലങ്ങ, പച്ചപ്പയർ, ബീൻസ്, വെള്ളരിക്ക, പാവയ്ക്ക, നേന്ത്രക്കായ, പച്ചമുളക്, കറിവേപ്പില തുടങ്ങി വിവിധയിനം പച്ചക്കറികൾ അവിയലിൽ ചേർക്കാം. എല്ലാം നീളത്തിൽ ആണ് അരിയേണ്ടത്. അരിഞ്ഞ പച്ചക്കറി മഞ്ഞൾപ്പൊടി ചേർത്ത് വേവിക്കുന്നു. വെന്തു കഴിഞ്ഞാൽ തൈര് ഒഴിക്കുന്നു. (തൈരിനു പകരം പച്ചമാങ്ങ ചേർത്തും അവിയൽ ഉണ്ടാക്കാറുണ്ട്) തുടർന്ന് തേങ്ങ, ജീരകം, പച്ചമുളക്, കറിവേപ്പില എന്നിവ ചതച്ചിടുന്നു. വാങ്ങിവച്ചശേഷം വെളിച്ചെണ്ണ ഒഴിക്കുന്നു. അവിയൽ തയാർ.






# കണിക്കൊന്ന പൂത്തപ്പോൾ

**വി**ഷുക്കാലം വന്നല്ലോ
കണിക്കൊന്ന പൂത്തല്ലോ
കണ്ണിനു കണിയായി
പൊന്നിൻ നിറമായല്ലോ !


വിഷുപ്പക്ഷി പാടുന്നു
വിത്തെല്ലാം വിതയ്ക്കാറായ്
കണിമുമ്പിൽ നിറയുവാൻ
കതിരിട്ടു പാടങ്ങൾ

പൊൻതളിക ഒരുക്കുന്നു
കണിവെള്ളരി കണ്ണിമാങ്ങ
കൃഷിക്കാലം പൊലിക്കട്ടേ
അകമെല്ലാം നിറയട്ടേ.




# കാക്കച്ചിപ്പെണ്ണിന്റെ കല്യാണം

**കാ**ക്കോത്തിക്കാവിലെ ചക്കരമാവ്.
ചക്കരമാവിന്റെ താഴത്തെ ചില്ലയിൽ കാക്കച്ചിപ്പെണ്ണിന്റെ താമസം.
ഇന്ന് കാക്കച്ചിപ്പെണ്ണിന്റെ കല്യാണം.
അക്കരെക്കരയിലെ പുന്നാരം കാവിലെ കാക്കച്ചെറുക്കൻ വരൻ.
മൂക്കുത്തിയിട്ട് പൊട്ടുതൊട്ട് പട്ടുചേലചുറ്റി
കാക്കച്ചിപ്പെണ്ണ് അണിഞ്ഞൊരുങ്ങി.
കാക്കച്ചെറുക്കനും കൂട്ടുകാരും മേഘത്തേരിലേറി വന്നു.
കാക്കച്ചിപ്പെണ്ണും കൂട്ടരും ചക്കര മാവിൻ ചോട്ടിൽ കാത്തു നിന്നു. വരനെയും കൂട്ടുകാരെയും സ്വീകരിച്ചാനയിച്ച് ചക്കരമാവിൻ കൊമ്പിലിരുത്തി. കൊട്ടും മേളവും മുറുകി.
അതാ...! കാക്കച്ചിപ്പെണ്ണ് അണിഞ്ഞൊരുങ്ങി വരുന്നു.
ഒരു സുന്ദരിപ്പെണ്ണ്. നാണിച്ച് നാണിച്ച്
കാക്കച്ചിപ്പെണ്ണ് മണ്ഡപത്തിലെത്തി.
കാ ..... കാ..... കാ
സുന്ദരി....
മനോഹരി....
അഴകുള്ളവൾ.....
കാ ..... കാ..... കാ........
എല്ലാവരും പരസ്പരം പറഞ്ഞു.



കാക്കച്ചിപ്പെണ്ണ് ചുറ്റും നോക്കി. വരനെവിടെ?
അതാ കറുത്തകോട്ടും കാലുറയും കണ്ണടയും വച്ച് കാക്കച്ചെറുക്കൻ. അവൾ കൂടുതൽ നാണത്തിലാണ്ടു.
കാരണവർ നാദസ്വരക്കാരെ നോക്കി. നാദസ്വരം മുറുകി.
മാലയണിഞ്ഞ ചെറുക്കനും പെണ്ണിനും ആശംസ നേരാൻ എല്ലാവരും തിരക്കുകൂട്ടി.
ഉപ്പേരിയും പപ്പടവും പഴവും പായസവും കൂട്ടി സദ്യയുണ്ടു. സദ്യത്തിരക്കിലേക്ക്.
കാ ..... കാ.... കാ....
കാക്കച്ചിപ്പെണ്ണും കാക്കച്ചെറുക്കനും